12

# ക്രൂശിനോടുള്ള പ്രസ്താവനകൾ

**മത്തായി 27; മർക്കൊസ് 15; ലൂക്കൊസ് 23; യോഹന്നാൻ 19**

*"'ഇവൻ മറ്റുള്ളവരെ രക്ഷിച്ചു; തന്നെത്താൻ രക്ഷിപ്പാൻ കഴിക യില്ല. അവൻ യിസ്രായേലിന്റെ രാജാവാകുന്നു എങ്കിൽ; ഇപ്പോൾ ക്രൂശിൽ നിന്നു ഇറങ്ങിവരട്ടെ, എന്നാൽ ഞങ്ങൾ അവനിൽ വിശ്വ സിക്കും'" (മത്തായി 27:42).*

യേശു ക്രൂശ*ിൽ നിന്നു* പറഞ്ഞതു ആർക്കു മറക്കുവാൻ കഴിയും, ആളുകൾ ക്രൂശി*നോട്* പറഞ്ഞതു ആർക്കു അനുമോദിക്കുവാൻ കഴിയും? നാം തന്നെ കേൾക്കുന്നതു ശ്രദ്ധിച്ചാൽ, നമുക്കു ലജ്ജയും, നിരാശയും, പ്രകോപനവും ഉണ്ടാകും.

യേശു ക്രൂശിൽ ആയിരുന്നപ്പോൾ അവനോടു എന്തായിരുന്നു പറ ഞ്ഞത്?

*വെല്ലുവിളി.* ആളുകൾ പറഞ്ഞു, "നീ ദൈവപുത്രനെങ്കിൽ, ക്രൂശിൽ നിന്നു ഇറങ്ങിവരിക" (മത്തായി 27:39, 40). യേശുവിനെ ഉപ ദ്രവിച്ചവർ പറഞ്ഞു, "... നാം കണ്ടു വിശ്വസിക്കേണ്ടതിന്നു, ക്രൂശിൽ നിന്നു ഇറങ്ങി വരട്ടെ!" (മർക്കൊസ് 15:32). അവർ എന്തു ചെയ്യുമായി രുന്നു എന്നതല്ല വിശ്വസിക്കൽ. യേശു ക്രൂശിൽ നിന്നു ഇറങ്ങി വന്നി രുന്നെങ്കിൽ, അവർ വീണ്ടും അവനെ ക്രൂശിക്കുമായിരുന്നു! നിബന്ധന ഉള്ളവർക്ക് വിശ്വസിക്കുവാൻ കഴിയുകയില്ല, വിശ്വസിക്കയുമില്ല. കാഠി ന്യമുള്ള പാപികൾക്കു വിശ്വസിപ്പാൻ കഴിയുകയില്ല. ലാസറിനെ ഉയിർപ്പിച്ച യേശുവിന്റെ ശക്തിയെ ആർക്കും നിഷേധിപ്പാൻ സാധ്യമല്ല (യോഹന്നാൻ 11). എങ്ങനെയായാലും, ആ ഉയിർത്തെഴുന്നേല്പ് ക്രിസ്തുവിന്റെ മരണത്തെ ത്വരിതപ്പെടുത്തി. നാം വിശ്വസിക്കുവാൻ താല്പര്യപ്പെടാതിരിക്കുമ്പോൾ, അത്ഭുതങ്ങൾ പോലും നമ്മെ അതിനു സഹായിക്കുകയില്ല!

*ഇന്ദ്രജാലം.* ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ട ഒരാൾ പറഞ്ഞു, "നീ ക്രിസ്തു അല്ലയോ? നിന്നെത്തന്നെയും ഞങ്ങളെയും രക്ഷിക്ക

എന്നു പറഞ്ഞു!" (ലൂക്കൊസ് 23:39). "സൂത്രത്താൽ വിസ്മയിപ്പിക്കുക," എന്നായിരുന്നു അവൻ പറഞ്ഞത്. യേശു ഒരു കൺകെട്ടുകാരനായിരുന്നില്ല. ഒരർത്ഥത്തിൽ ദൈവത്തെപോലെ ക്ഷോഭമില്ലാത്തവൻ മറ്റാരുമില്ല! മനുഷ്യൻ ആവേശഭരിതരാകുവാൻ ആഗ്രഹിക്കുന്നു. ക്രൂശിനരികിൽ നില്ക്കുന്നവർക്കു പോലും വെറുതെ നോക്കി, ശ്രദ്ധിച്ചു, പഠിക്കുവാൻ കഴിഞ്ഞില്ല. എന്തെങ്കിലും സംഭവിക്കുവാൻ വേണ്ടിയാണ് അവർ ശ്രമിച്ചത്. അവർ പറഞ്ഞതും ചെയ്തതും എല്ലാം പരാജയപ്പെട്ടു. ഇന്നും ആളുകൾ ആവേശത്തെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. അവർ "എന്തെങ്കിലും പ്രത്യേകത" ആഗ്രഹിച്ചു. അവർ കണ്ണുകൾ കൊണ്ടു കേൾക്കുവാനും വികാരങ്ങൾ കൊണ്ടു ചിന്തിക്കുവാനും തുടങ്ങി. പശ്ചാത്താപരഹിതനായ കള്ളൻ നിരവധി കുറ്റകൃത്യങ്ങൾ ചെയ്തതിൽ കുറ്റബോധമുള്ളവനായിരുന്നു, ദൂഷണകുറ്റം പോലും ചെയ്തിരുന്നു (ലൂക്കൊസ് 23:39). അവൻ കർത്താവിനെ വിളിച്ചു പരിഹാസത്തോടെ രക്ഷിക്കുവാൻ ആവശ്യപ്പെട്ടു. മരിക്കുവാൻ പോകുന്ന ആൾക്കു എങ്ങനെ ഇത്ര ധിക്കാരപരമായി സംസാരിക്കുവാൻ കഴിഞ്ഞു?

മനുഷ്യൻ തന്നെയാണ് അവന്റെ ശത്രു. യേശു തന്നെത്താൻ രക്ഷിച്ചിരുന്നെങ്കിൽ എന്തു സംഭവിക്കുമായിരുന്നു? അപ്പോൾ മനുഷ്യർ നശിക്കുമായിരുന്നു. യേശു ക്രൂശിൽ തന്നെ കിടന്നു യാഗമായി തീർന്നതു നമ്മെ രക്ഷിക്കുവാനായിരുന്നു.

*മാറ്റം.* ഒരു കള്ളൻ പശ്ചാത്താപമില്ലാത്തവനായിരുന്നു, എന്നാൽ മറ്റവൻ പറഞ്ഞു, "എന്നെ ഓർക്കേണമേ" (ലൂക്കൊസ് 23:42). ക്രൂശ് ഒന്നുകിൽ മനുഷ്യനെ നന്നാക്കും അല്ലെങ്കിൽ മോശമാക്കും. സ്വാർത്ഥനായിരുന്ന ഒരു കള്ളന്റെ ജീവിതം അവന്റെ സ്വാർത്ഥമായ മരണത്തിൽ ചെന്നവസാനിച്ചു. മറ്റെ കള്ളൻ മാനസാന്തരപ്പെട്ടു. അവൻ സാഹചര്യത്തെ കണക്കാക്കാതെ, യേശുവിനെ നോക്കി, കരുണക്കായി യാചിച്ചു. എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നത് എന്നു മനസ്സിലാക്കിയത് ഭൂമിയിൽ ഈ കള്ളൻ മാത്രം ആയിരുന്നു. താൻ മോശമായ ജീവിതമാണ് നയിച്ചിരുന്നതു, മാറ്റം വരുത്തേണ്ടതു ആവശ്യമാണെന്നു അവൻ തിരിച്ചറിഞ്ഞു. സുവിശേഷ സന്ദേശം "നല്ല വാർത്ത" ആകേണ്ടതിനുമുൻപു "മോശമായ വാർത്ത" ആയിരുന്നു.

*വിടുവായൻമാർ.* മറ്റുള്ളവർ പറഞ്ഞു, "ഏലിയാവു വന്നു അവനെ രക്ഷിക്കുമോ എന്നു നോക്കാം" (മത്തായി 27:47-49; നോക്കുക മർക്കൊസ് 15:36). വിടുവായന്മാർ അപകടകാരികളാണ്. യേശു ഉറക്കെ ദൈവത്തോടു നിലവിളിച്ചുകഴിഞ്ഞപ്പോൾ, നോക്കി നില്ക്കുന്നവർക്ക് ചെയ്യാൻ കഴിയുന്നത് അവർ ചെയ്തു - അവർ എല്ലാം കൂട്ടിക്കുഴച്ചു! യേശുവിന്റെ ഹൃദയാന്തർഭാഗത്തുനിന്നുയർന്ന ശബ്ദം കേട്ടപ്പോൾ, അന്ധവിശ്വാസികൾ ദൈവത്തോടുകൂടെ ഏലിയാവെന്നു വിചാരിച്ചു തെറ്റിദ്ധരിച്ചു. നോക്കി നില്ക്കുന്നവർ (പുളകം കൊള്ളൽ - ആഗ്രഹിക്കുന്നവർ) എല്ലാം കണ്ടു എന്നാൽ ഒന്നും പ്രസ്താവിച്ചില്ല. അവർ സംഭവിക്കുന്നതെല്ലാം കണ്ടു, എന്നാൽ വളരെ കുറച്ചു മാത്രം മനസ്സിലാക്കി. നോക്കി നിന്നവരെല്ലാം യേശുവിനു കൊടുത്തതു വിനാഗിരി മാത്രം! എന്തൊരു പരിഹാസ്യം!

*ചീട്ടിടുന്നവർ.* യേശുവിന്റെ അങ്കിയെ കുറിച്ചു, പടയാളികൾ പറഞ്ഞു, "ഇതു കീററുത്, ആർക്കു വരും എന്നു ചീട്ടിടുക" (യോഹന്നാൻ 19:24). മനുഷ്യർ യേശുവിന്റെ വസ്ത്രത്തിനു ചീട്ടിട്ടുകൊണ്ടിരിക്കുമ്പോൾ അവൻ നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിക്കുകയായിരുന്നു. ക്രൂശിനരികിൽ വെച്ചു ചീട്ടിടുവാൻ കഠിനഹൃദയമുള്ളവർക്കേ കഴിയൂ.

നാമെല്ലാം നമ്മുടെ ജീവിതങ്ങൾ ചിലതിനുവേണ്ടി വില്ക്കുകയാണ്. ഒരു മനുഷ്യനു ലോകം മുഴുവൻ നേടുകയും ആത്മാവിനെ നഷ്ടപ്പെടുത്തുകയും ചെയ്യാം (മത്തായി 16:24–26). ദൈവപുത്രൻ അവരെ രക്ഷിക്കുവാനായി മരിക്കുമ്പോൾ പടയാളികൾ അവന്റെ വസ്ത്രത്തിനായി ചീട്ടിടുകയായിരുന്നു! ഒരു മനുഷ്യന്റെ ജീവനേക്കാൾ വില മനുഷ്യർ അവന്റെ അങ്കിക്കു കല്പിച്ചു. ആളുകളേക്കാൾ വില സാധനങ്ങൾക്കു കല്പിക്കുന്നു. നമ്മൾ അവരേക്കാൾ വ്യത്യസ്തരാണോ? നമ്മൾ അവരേക്കാൾ നല്ലവരാണോ? നമുക്ക് എല്ലാം ഉള്ളതിന്റെ വിലയും, ഒന്നുമില്ലായ്മയുടെ വിലയും അറിയാം. യേശു സ്വർഗ്ഗത്തിലേക്കു മടങ്ങിപോയി; അങ്കി പെട്ടെന്നു അപ്രത്യക്ഷമായി. ആത്മിയ മൂല്യം നിലനില്ക്കുന്നതാണ്; താല്ക്കാലിക വസ്തുക്കൾ ഇല്ലാതാകുന്നതാണ്.

*സമയാവസാനം.* സംഭവിച്ചതു നിരീക്ഷിച്ച, ഒരു ശതാധിപൻ പറഞ്ഞു, "ആ മനുഷ്യൻ, വാസ്തവത്തിൽ ദൈവപുത്രൻ ആയിരുന്നു" (മർക്കൊസ് 15:39). ആ കഠിന - യുദ്ധം ചെയ്തിട്ടുള്ള പടയാളിക്ക് അത് മറ്റൊരു ജോലി ദിവസം ആയിരുന്നു, എന്നാൽ ഒരുപക്ഷെ തന്റെ ജോലിയിൽ അഭിമാനം കൊണ്ട്, അയാൾ അത് നന്നായി ചെയ്തു കാണും. അവൻ എല്ലാ ചലനവും സൂക്ഷിച്ചു; എല്ലാ വാക്കും അവൻ കേട്ടു. യേശു വ്യത്യസ്തൻ ആയിരുന്നു; ആ ക്രൂശ് വ്യത്യസ്തമായിരുന്നു. അറിയാതെ, ആ സത്യസന്ധനായ മനുഷ്യൻ സ്വയം അനശ്വരമാക്കി. ആ മനുഷ്യൻ കണ്ടതു, ലോകത്തിനോ, ശത്രുക്കൾക്കോ, ജനക്കൂട്ടത്തിനോ കാണുവാൻ കഴിഞ്ഞില്ല! ഒരാൾക്ക് സത്യസന്ധമായി എടുക്കാവുന്ന അതേ തീർപ്പിൽ അവൻ എത്തി. ഒന്നുകിൽ യേശു ദൈവത്തിന്റെ പുത്രൻ, അല്ലെങ്കിൽ അവൻ ഒന്നുമല്ല! ശതാധിപൻ അവന്റെ തീരുമാനം എടുത്തു; നാം നമ്മുടെ തീരുമാനം എടുക്കണം!

നാമെല്ലാവരും ക്രൂശിങ്കൽ ആണ്. എന്തൊരു സമ്മിശ്രകൂട്ടമായിരിക്കും നാം അവിടെ കാണുക: ശത്രുക്കൾ, ആകാംക്ഷയുള്ളവർ, അജ്ഞർ, നോക്കിക്കൊണ്ടിരുന്നവർ, ഭയപ്പെട്ട ശിഷ്യന്മാരും, പ്രിയരായവരും! ദൈവേഷ്ടപ്രകാരം മുഴുവനായും ജീവിച്ച ഏക വ്യക്തി യേശുവായിരുന്നു.

*ക്രൂശ് ...*
*അല്ലാതെ മറ്റൊരു വഴി ഇല്ല!*

© 2009 Truth for Today